# 2015-ലെ 4-ാം ആക്റ്റ്

## 2014 -ലെ കേരള മത്സ്യവിത്ത് ആക്റ്റ്*

മത്സ്യവിത്ത് ഉൽപ്പാദനത്തിന്റെ ഗുണമേൻമയും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—മത്സ്യവിത്ത് ഉൽപ്പാദനത്തിന്റെ ഗുണമേൻമയും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി അ ഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

### അദ്ധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള മത്സ്യവിത്ത് ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2014 ഫെബ്രുവരി 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യ പ്പെടാത്തപക്ഷം,—

(എ) "ന്യായനിർണ്ണയ ആഫീസർ" എന്നാൽ 28-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

---

* 2014 ഡിസംബർ 31-ാം തീയതി ഗവർണറുടെ അനുമതി ലഭിക്കുകയും 2015 ജനുവരി 1 -ാം തീയതിയിലെ 04-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

(ബി) ''അപ്പലേറ്റ് അധികാരി'' എന്നാൽ 29-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(സി) ''അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ'' എന്നാൽ 27-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഡി) ''കൺടെയ്നർ'' എന്നാൽ മത്സ്യവിത്തുകൾ എടുത്തുകൊണ്ടുപോകുന്നതിനുള്ള ഒരു പോളിത്തീൻ ബാഗോ മൺകലമോ പെട്ടിയോ കുപ്പിയോ പേടകമോ ടിന്നോ വീപ്പയോ സഞ്ചിയോ കൈച്ചട്ടിയോ കൂടോ മറ്റേതെങ്കിലും സാമഗ്രിയോ എന്നർത്ഥമാകുന്നു;

(ഇ) ''കയറ്റുമതി'' എന്നാൽ കേരളത്തിൽ നിന്ന് മത്സ്യവിത്ത് മറ്റ് സംസ്ഥാനങ്ങളിലേക്കോ ഭാരതത്തിന് പുറത്തേയ്ക്കോ കൊണ്ടു പോകുന്നത് എന്നർത്ഥമാകുന്നു;

(എഫ്) ''മത്സ്യക്കൃഷി'' എന്നാൽ മത്സ്യമോ കൊഞ്ചോ ചെമ്മീനോ മറ്റേതെങ്കിലും ജലജീവികളേയും ജലസസ്യങ്ങളേയും ശുദ്ധജലത്തിലോ നേരിയ ഉപ്പു രസമുള്ള വെള്ളത്തിലോ കടൽ വെള്ളത്തിലോ വളർത്തുക എന്നർത്ഥമാകുന്നു;

(ജി)''മത്സ്യകർഷകൻ'' എന്നാൽ സ്വന്തമായുള്ളതോ പാട്ടത്തിനെടുത്തതോ ആയ ഒരു വസ്തുവിലോ ഒരു ജലാശയത്തിലോ കു ളത്തിലോ കെട്ടിനിർത്തപ്പെട്ട ജലത്തിലോ അതിൽ കെട്ടിപ്പൊക്കിയ നിർമ്മാണങ്ങളിലോ മറ്റേതെങ്കിലും രീതിയിലോ മത്സ്യവിത്ത് വളർത്തലോ മത്സ്യക്കൃഷിയോ നടത്തുന്ന തോ ആയ ഒരു വ്യക്തിയോ ഒരു കൂട്ടം വ്യക്തികളോ ഒരു ഫേമോ ഒരു ഏജൻസിയോ ഒരു കമ്പനിയോ മറ്റേതെങ്കിലും നിയമ വ്യക്തിയോ എന്നർത്ഥമാകുന്നു;

(എച്ച്) ''മത്സ്യത്തൊഴിലാളി'' എന്നാൽ ഉപജീവനത്തിനായി പ്രധാനമായും മീൻപിടുത്ത പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു;

(ഐ) ''മത്സ്യവിത്ത്'' എന്നാൽ കുളങ്ങൾ, ടാങ്കുകൾ, കായലുകൾ, സംഭരണികൾ, നദികൾ, ചെറുകുളങ്ങൾ, ചെക്ക് ഡാമുകൾ, ജല വളപ്പുകൾ അല്ലെങ്കിൽ വെള്ളം നിറച്ച കൂടുകൾ അല്ലെങ്കിൽ വെള്ളത്തിൽ കെട്ടിപ്പൊക്കിയ മറ്റേതെങ്കിലും നിർമ്മാണങ്ങൾ പോലെ കെട്ടിനിർത്തപ്പെട്ടതോ തുറസ്സായതോ ആയ വെള്ളത്തിൽ സംഭരിച്ചു വയ്ക്കുന്നതിനായി ഉപയോഗിക്കുന്ന ലാർവ ഘട്ടത്തിലുള്ളവ അല്ലെങ്കിൽ മത്സ്യക്കുഞ്ഞുങ്ങൾ അല്ലെങ്കിൽ സസ്യവും സസ്യത്തിൽ നിന്നും ഉത്ഭവിച്ചതുമായ ജലജീവികളും ഉൾപ്പെടെ ജലത്തിൽ

ജീവിക്കുന്ന മറ്റേതെങ്കിലും വിഭാഗത്തിൽപെടുന്ന വിത്തുകളും എന്നർത്ഥമാകുന്നതും അതിൽ,-

(i) ശുദ്ധജലത്തിലും ലവണ ജലത്തിലും സമുദ്രജലത്തിലും അകേ്വറിയങ്ങളിലും വളർത്തുന്ന അലങ്കാര മത്സ്യങ്ങൾ ഉൾപ്പെടെയുള്ള ജീവികളുടെ വിത്തുകളും;

(ii) കൊഞ്ചുകൾ, ചെമ്മീനുകൾ, റാളുകൾ, വലിയ കടൽ ഞണ്ടുകൾ, ഞണ്ടുകൾ, ഗാസ്ട്രോപോഡുകൾ, ബൈവാൽവുകൾ അങ്ങനെയുള്ള മറ്റ് തോടുള്ള ജലപ്രാണികളുടെയും നത്തകക്കകളുടെയും വിത്തുകളും;

(iii) മത്സ്യത്തിന്റെ ആദ്യ ഘട്ടത്തിലുള്ളവയും, കൊഞ്ച്, ചെമ്മീൻ, വലിയ കടൽ ഞണ്ട്, ഞണ്ട് എന്നിവയുടെ ലാർവ ഘട്ടത്തിലുള്ളവയും ലാർവ ഘട്ടം കഴിഞ്ഞവയും സോയയും മൈസിസും മെഗലോപയും നത്തകക്കകൾ, വെലിഗർ, സ്പാറ്റ് എന്നിവയുടെ ലാർവ ഘട്ടങ്ങളും,

ഉൾപ്പെടുന്നു;

(ജെ) ''മത്സ്യവിത്ത് സൂക്ഷ്മ പരിശോധന'' എന്നാൽ വിത്തുകൾ പകർച്ച രോഗാണുക്കളിൽ നിന്നും രോഗങ്ങളിൽ നിന്നും മുക്തമാണെന്നും ഗുണമേൻമയിലും വലിപ്പത്തിലും ആവശ്യമായ നിലവാരം പുലർത്തുന്നുണ്ടെന്നും കണ്ടെത്തുന്നതിനുള്ള മത്സ്യവിത്ത് സൂക്ഷ്മ പരിശോധനയുടെ നടപടിക്രമങ്ങൾ എന്നർത്ഥമാകുന്നു;

(കെ) ''മത്സ്യവിത്ത് സൂക്ഷ്മ പരിശോധകൻ" എന്നാൽ 20-ാം വകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള മത്സ്യവിത്ത് സൂക്ഷ്മ പരിശോധകൻ എന്നർത്ഥമാകുന്നു;

(എൽ) ''മത്സ്യവിത്ത് ഫാം'' എന്നാൽ മത്സ്യവിത്ത് വളർത്തുന്നതിനായി ഉപയോഗിക്കുന്ന ജലാശയമോ നിർമ്മാണങ്ങളോ ഉള്ള ഒരു സ്ഥലം എന്നർത്ഥമാകുന്നു;

(എം) ''മത്സ്യവിത്ത് ഇൻസ്പെക്ടർ'' എന്നാൽ 18-ാം വകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള ഒരു മത്സ്യവിത്ത് ഇൻസ്പെക്ടർ എന്നർത്ഥമാകുന്നു;

(എൻ) ''മത്സ്യവിത്ത് പരീക്ഷണശാല'' എന്നാൽ 11-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട മത്സ്യവിത്ത് പരീക്ഷണശാല എന്നർത്ഥമാകുന്നു;

(ഒ) ''മത്സ്യവിത്ത് വളർത്തൽ'' എന്നാൽ ചിറകുള്ള മത്സ്യങ്ങളുടേയോ പുറംതോടുള്ള മത്സ്യങ്ങളുടേയോ മറ്റേതെങ്കിലും ജലജീവികളുടേയോ ജലസസ്യങ്ങളു ടേയോ വിത്തുകളെ ശുദ്ധജലത്തിലോ നേരിയ ഉപ്പു രസമുള്ള വെള്ളത്തിലോ സമുദ്രജലത്തിലോ വളർത്തിയെടുക്കുക എന്നർത്ഥമാകുന്നു;

(പി) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ക്യൂ) ''ഹാച്ചറി'' എന്നാൽ മത്സ്യവിത്ത് ഉൽപാദനത്തിനായി ബ്രൂഡുകളെ സംരക്ഷിച്ചുപോരുന്നതും ഉപയോഗിക്കുന്നതും ആയ ഒരു സ്ഥലം എന്നർത്ഥമാകുന്നതും മത്സ്യകർഷകന് വിതരണം ചെയ്യുന്നതിനായി മത്സ്യവിത്തുകളെ വളർത്തുന്ന ഒരു സ്ഥലം ഉൾപ്പെടുന്നതും ഇതിൽ അടുക്കളമുറ്റത്തെ ഹാച്ചറികളും അല്ലെങ്കിൽ നഴ്സറികളിൽ വളർത്തുന്നത് ഉൾപ്പെടെയുള്ള ഫാമിന്റെ ഭാഗവും കൂടി ഉൾപ്പെടുന്നതും ആണ്;

(ആർ) ''ഇറക്കുമതി'' എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നോ ഭാരതത്തിന് പുറത്തു നിന്നോ മത്സ്യവിത്ത് കേരളത്തിലേക്ക് കൊണ്ടുവരുന്നത് എന്നർത്ഥമാകുന്നു;

(എസ്) ''തരം'' എന്നാൽ ഒന്നോ അതിലധികമോ ബന്ധപ്പെട്ട വർഗ്ഗത്തിൽപ്പെട്ടതോ കരിമീനുകൾ, ചെമ്മീനുകൾ, കൊഞ്ചുകൾ, വലിയ കടൽ ഞണ്ടുകൾ, ചിപ്പികൾ, ഞണ്ടുകൾ, കടൽപ്പായലുകൾ, അക്വേറിയം സസ്യങ്ങൾ എന്നിവ പോലെ ഓരോന്നും ഒറ്റയ്ക്കോ ഒന്നിച്ചോ പൊതുവായ ഒരു പേരിൽ അറിയപ്പെടുന്നതായ അങ്ങനെയുള്ള വർഗ്ഗത്തിൽപ്പെട്ട ജലജീവികളോ ജലസസ്യങ്ങളോ എന്നർത്ഥമാകുന്നു;

(ടി) ''വിപണനം'' എന്നാൽ ഏതെങ്കിലും മത്സ്യവിത്ത് വിൽക്കുന്ന ബിസിനസ്സോ വിൽക്കാൻ വില പറയുകയോ മാറ്റക്കച്ചവടമോ മറ്റു വിധത്തിലുള്ള വിതരണമോ വിൽപനയ്ക്കായി സൂക്ഷിക്കുകയോ ചെയ്യുക എന്നർത്ഥമാകുന്നു;

(യു) ''വിജ്ഞാപനം'' എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(വി) ഏതെങ്കിലും മത്സ്യവിത്തുമായി ബന്ധപ്പെട്ട ''വിജ്ഞാപനം ചെയ്യപ്പെട്ട തരത്തിലുള്ളത് അല്ലെങ്കിൽ ഇനത്തിലുള്ളത്'' എന്നാൽ 12-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട മത്സ്യവിത്തിന്റെ ഏതെങ്കിലും തരത്തിൽപ്പെട്ടതോ ഇനത്തിൽപ്പെട്ടതോ എന്നർത്ഥമാകുന്നു;

(ഡബ്ല്യൂ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എക്സ്) ''ക്വാറന്റയിൻ'' എന്നാൽ ജീവികളെയും സസ്യങ്ങളെയും പുതിയ പരിസ്ഥിതിയിലേക്കോ രാജ്യത്തിലേക്കോ പ്രവേശിപ്പിക്കുന്നതിനു മുൻപായി അങ്ങനെയുള്ള വർഗ്ഗത്തിൽപ്പെട്ട പകർച്ചരോഗാണുവാഹകരാണെന്ന് സംശയിക്കുന്നവയെ നിരീക്ഷിക്കുന്ന ആവശ്യത്തിലേക്കായുള്ള ഒറ്റപ്പെട്ടതായ ഒരു സ്ഥലം എന്നർത്ഥമാകുന്നു;

(വൈ) ''പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം'' എന്നാൽ 7-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം എന്നർത്ഥമാകുന്നു;

(ഇസഡ്) ''സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം'' എന്നാൽ 3-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം എന്നർത്ഥമാകുന്നു;

(എഎ) ''ഉപകേന്ദ്രങ്ങൾ'' എന്നാൽ 10-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഉപകേന്ദ്രങ്ങൾ എന്നർത്ഥമാകുന്നു;

(എബി) ''ഇനം'' എന്നാൽ രൂപത്താലോ വളർച്ചയാലോ ആദായത്തിനാലോ വിത്തിനാലോ പ്രത്യുൽപാദനത്താലോ മറ്റു സ്വഭാവ വിശേഷലക്ഷണങ്ങളാലോ തിരിച്ചറിയൽ സാദ്ധ്യമാക്കുന്ന ഒരു തരത്തിന്റെ ഉപവിഭാഗം എന്നർത്ഥമാകുന്നു.

## <u>അദ്ധ്യായം II</u>

## മത്സ്യവിത്ത് കേന്ദ്രങ്ങളും പരീക്ഷണശാലകളും സ്ഥാപിക്കൽ

3. <u>സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ സ്ഥാപിക്കൽ</u>.—(1) സർക്കാരിന്, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, വിജ്ഞാപനം വഴി, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം എന്ന പേരിൽ ഒരു കേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

4. <u>സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ കർത്തവ്യങ്ങൾ</u>.—സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് താഴെപ്പറയുന്ന കർത്തവ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അ തായത്.-

(എ) മത്സ്യവിത്തിന്റെ ഉൽപാദനവും വളർത്തലും സംഭരണവും വിപണനവും പരിവഹണവും ഇറക്കുമതിയും കയറ്റുമതിയും സംസ്ഥാനത്തുടനീളമുള്ള അവയുടെ മേൽനോട്ടവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സർക്കാരിന് നിർദ്ദേശങ്ങൾ നൽകുക;

(ബി) മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും രജിസ്ട്രേഷനും മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തലും സംബന്ധിക്കുന്ന അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുക;

(സി) മത്സ്യവിത്ത് വളർത്തലിനും മത്സ്യകൃഷിയ്ക്കുമുള്ള മത്സ്യതീറ്റയുടെ നിലവാരം നിർദ്ദേശിക്കുകയും വ്യക്തമാക്കുകയും ചെയ്യുക;

(ഡി) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മറ്റു നിർദ്ദേശങ്ങൾ നൽകുകയും മേൽപ്പറഞ്ഞ കർത്തവ്യങ്ങൾക്ക് അനുബന്ധമായതോ ആനുഷംഗികമായതോ അനന്തരഫലമായതോ ആയ മറ്റെന്തെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക;

5. <u>സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ രൂപീകരണം.</u>—(1) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:-

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഈ വിഷയത്തിലെ ഒരു വിദഗ്ധൻ : ചെയർപേഴ്സൺ

(ii) ഫിഷറീസ് ഡയറക്ടർ : *എക്സ്- ഒഫിഷ്യോ* അംഗം

(iii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മത്സ്യവിത്ത് കർഷകരെ പ്രതിനിധീകരിക്കുന്ന ഒരാൾ : അംഗം

(iv) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹാച്ചറി നടത്തിപ്പുകാരെ പ്രതിനിധീകരിക്കുന്ന ഒരാൾ : അംഗം

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉൾനാടൻ ഫിഷറീസിൽ വി ദഗ്ധനായ ഒരാൾ : അംഗം

(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മറൈൻ ഫിഷറീസിൽ വിദഗ്ധനായ ഒരാൾ : അംഗം

(vii) എക്സിക്യൂട്ടീവ് ഡയറക്ടർ, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള : അംഗം

(viii) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ മെമ്പർ സെക്രട്ടറിയായി ഫിഷറീസ് വകുപ്പിൽ നിന്നും, നിർണ്ണയിക്ക

പ്പെടാവുന്ന അങ്ങനെയുള്ള
യോഗ്യതയുള്ള, ഒരു ഉദ്യോഗസ്ഥനെ
സർക്കാരിന് നിയമിക്കാവുന്നതാണ്.

(2) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിലെ അംഗങ്ങൾക്ക് ചുമതലയേറ്റെടുത്ത തീയതി മുതൽ മൂന്നു വർഷക്കാലയളവിലേക്ക് ഉദ്യോഗം വഹിക്കാൻ അർഹതയുണ്ടായിരിക്കുന്നതും തുടർച്ചയായ രണ്ടു തവണയിൽ കവിയാത്ത പുനർനാമനിർദ്ദേശത്തിന് യോഗ്യതയുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരംഗത്തിന് സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കാവുന്നതാണ്.

(3) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സിറ്റിംഗ് ഫീസും യാത്രാബത്തയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തിനു വിധേയമായി, താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ബൈലാകൾ ഉണ്ടാക്കാവുന്നതാണ്, അതായത്:-

(എ) അതിന്റെ യോഗത്തിന്റെ കോറം നിശ്ചയിക്കുന്നത്;

(ബി) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം നിർവ്വഹിക്കേണ്ട പ്രവൃത്തിക ളും പദ്ധതികളും തീരുമാനിക്കുന്നത്.

6. <u>സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ചുമതലകൾ.-</u> (1) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, മത്സ്യവിത്ത് വളർത്തലിനും മത്സ്യകൃഷിയ്ക്കുമുള്ള മത്സ്യതീറ്റയുടെ ക്രമീകരണത്തിനായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

(2) മത്സ്യവിത്ത് കേന്ദ്രത്തിന്, മത്സ്യവിത്ത് വളർത്തലും മ ത്സ്യക്കൃഷിയും നടത്തുന്നതിനായി പൊതുജലാശയങ്ങൾ, കുളങ്ങൾ മുതലായവ കണ്ടെത്താവുന്നതും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അങ്ങനെയുള്ള ജലാശയങ്ങളെയോ കുളങ്ങളേയോ മത്സ്യവിത്ത് വളർത്തലും മത്സ്യകൃഷിയും നടത്തുന്നതിനുള്ള മത്സ്യവിത്ത് ഫാമുകളായി പ്രഖ്യാപിക്കാവുന്നതുമാണ്.

(3) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിലെ ജീവനക്കാരെ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നിയമിക്കേണ്ടതാണ്.

(4) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ മെമ്പർ സെക്രട്ടറിയും മറ്റു ജീവനക്കാരും അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ, ചെയർപേഴ്സന്റെ ഭരണനിയന്ത്രണത്തിന് വിധേയമായിരിക്കുന്നതാണ്.

7. <u>പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്റെ സ്ഥാപിക്കൽ.-</u> സർക്കാരിന്, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, വിജ്ഞാപനം വഴി, പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്.

8. <u>പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്റെ കർത്തവ്യങ്ങൾ.-</u>പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങൾക്ക് താഴെപ്പറയുന്ന കർത്തവ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) മത്സ്യവിത്ത് ഫാമിന്റെയും ഹാച്ചറികളുടെയും രജിസ്ട്രേഷനും മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തലും സംബന്ധിച്ച എല്ലാ കാര്യങ്ങളിലും സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് യഥാസമയം റിപ്പോർട്ടുകൾ നൽകുക.

(ബി) മത്സ്യ ഫാമുകൾക്കും ഹാച്ചറികൾക്കും മത്സ്യവിത്ത് വളർത്തലിനും മത്സ്യകൃഷിക്കും ലൈസൻസുകൾ നൽകുക.

(സി) ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പിലാക്കുക.

9. <u>പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്റെ രൂപീകരണം</u>.-(1) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:-

| | | |
|---|---|---|
| (I) ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ ബന്ധപ്പെട്ട മേഖല സ്ഥിതി ചെയ്യുന്ന ജില്ലയുടെ ജില്ലാ കളക്ടർ | : | ചെയർപേഴ്സൺ |
| (ii) ബന്ധപ്പെട്ട മേഖലയിലെ ഫിഷറീസ് ജോയിന്റ് ഡയറക്ടർ | : | മെമ്പർ സെക്രട്ടറി |
| (iii) ബന്ധപ്പെട്ട പ്രദേശം ഉൾപ്പെടുന്ന എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി ഡയറക്ടർമാർ | : | *എക്സ്- ഒഫിഷ്യോ* അംഗങ്ങൾ |
| (iv) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹാച്ചറിയേയോ മത്സ്യവിത്ത് ഫാമിനെയോ പ്രതിനിധീകരിക്കുന്നവരിൽ നിന്നും ഒരാൾ | : | അംഗം |

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന
ഒരു ശാസ്ത്രജ്ഞൻ അല്ലെങ്കിൽ
ആ വിഷയത്തിലെ ഒരു വിദഗ്ധൻ : അംഗം

(2) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളിലെ അംഗങ്ങൾക്ക് ചുമതലയേറ്റെടുത്ത തീയതി മുതൽ മൂന്നു വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരംഗത്തിന് സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കാവുന്നതാണ്.

(3) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സിറ്റിംഗ് ഫീസും യാത്രാ ബത്തയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

10. പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്റെ ചുമതലകൾ.-(1) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ആവശ്യമുള്ള പക്ഷം, പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം അവർക്ക് ഏൽപ്പിച്ചു കൊടുക്കാവുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അംഗങ്ങളോടും അവരുടെ യോഗ്യതകൾ, ഔദ്യോഗിക കാലാവധി, സിറ്റിംഗ് ഫീസും യാത്രാ ബത്തയും തുടങ്ങിയ അങ്ങനെയുള്ള വ്യവസ്ഥകളോടും അത്രയും ഉപകേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്.

(2) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, അതിന്റെ തന്നെ നടപടി ക്രമവും അതിന്റെ ഉപകേന്ദ്രങ്ങളുടെ നടപടിക്രമവും ക്രമീകരിക്കുന്നതിനായും പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളോ ഉപകേന്ദ്രങ്ങളോ അതത് സംഗതിപോലെ, നിർവ്വഹിക്കേണ്ടതായ എല്ലാ പ്രവൃത്തികളുടെയും നടത്തിപ്പിനായും ബൈലാകൾ ഉണ്ടാക്കാവുന്നതാണ്.

(3) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളുടേയോ അതിന്റെ ഏതെങ്കിലും ഉപകേന്ദ്രങ്ങളുടെയോ യാതൊരു നടപടികളും അതിൽ ഏതെങ്കിലും ഒഴിവുണ്ടെന്നോ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതകളുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

11. മത്സ്യവിത്ത് പരീക്ഷണശാലകളുടെ സ്ഥാപിക്കലും ചുമതലകളും.- (1) സർക്കാരിന്, വിജ്ഞാപനം വഴി, മൂന്നോ അതിലധികമോ പ്രാദേശികതല

മത്സ്യവിത്ത് പരീക്ഷണശാലകൾ സ്ഥാപിക്കാവുന്നതും അല്ലെങ്കിൽ വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തരത്തിലുള്ളതോ ഇനത്തിലുള്ളതോ ആയ മത്സ്യവിത്തിന്റെ സൂക്ഷ്മപരിശോധന മത്സ്യവിത്ത് സൂക്ഷ്മപരിശോധകർ നടത്തുന്ന ഏതെങ്കിലും നിലവിലുള്ള മത്സ്യവിത്ത് പരീക്ഷണശാലയെ ഒരു മത്സ്യവിത്ത് പരീക്ഷണശാലയായി പ്രഖ്യാപിക്കാവുന്നതും ഈ ആക്റ്റിനാലോ അതിൻ കീഴിലോ അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാലോ അതിനു ഭരമേൽപ്പിച്ചിട്ടുള്ള മറ്റേതെങ്കിലും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മത്സ്യവി ത്ത് പരീക്ഷണശാല കൾ മേഖലയിലും പൊതുമേഖലയിലും സ്ഥാപിച്ചിട്ടുള്ള മത്സ്യവി ത്ത് പ രീക്ഷണശാലകളെ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള നോഡൽ മത്സ്യവി ത്ത് പരീക്ഷണശാലകളായി കൂടി പ്രവർത്തിക്കേണ്ടതാണ്.

12. <u>മത്സ്യവിത്തിന്റെ തരമോ ഇനമോ വിജ്ഞാപനം ചെയ്യുവാനുള്ള അധികാരം</u>.-(1) സർക്കാരിന്, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രവുമായി കൂടിയാലോചന നടത്തിയതിനു ശേഷം, മത്സ്യവിത്ത് വളർത്തലിന്റെയോ മത്സ്യ ക്കൃഷിയുടെയോ ആവശ്യത്തിനുവേണ്ടി വിൽക്കേണ്ടതായ ഏതെങ്കിലും മത്സ്യവിത്തിന്റെ തരത്തിന്റെയോ ഇനത്തിന്റെയോ ഗുണനിലവാരം നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്നോ യുക്തമാണെന്നോ കരുതുന്ന പക്ഷം അതിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, വിജ്ഞാപനം വഴി, അങ്ങനെയുള്ള തരത്തിലുള്ളതോ ഇനത്തിലുള്ളതോ ആയ മത്സ്യവിത്തിനെ ഒരു വിജ്ഞാപനം ചെയ്യപ്പെട്ട തരമായോ ഇനമായോ പ്രഖ്യാപിക്കാവുന്നതും വ്യത്യസ്ത പ്രദേശങ്ങൾക്ക് വേണ്ടി വ്യത്യസ്ത തരത്തിലുള്ളതോ ഇനത്തിലുള്ളതോ ആയ മത്സ്യവിത്തുകളെ വിജ്ഞാപനം ചെയ്യാവുന്നതുമാണ്.

(2) സർക്കാരിന്, വിജ്ഞാപനം വഴി, സ്വാഭാവിക ഉറവിടത്തിൽ നിന്നുള്ള മത്സ്യവിത്തിന്റെ ശേഖരണമോ വിൽപ്പനയോ ഒരു സംരക്ഷണോപാധി എന്ന നിലയിൽ ഏതെങ്കിലും കാരണത്താൽ ഒരു നിശ്ചിതമായ കാലയളവിലേക്ക് വിലക്കുകയോ നിരോധിക്കുകയോ ചെയ്യാവുന്നതാണ്.

13. <u>മത്സ്യവിത്തിന്റെ വലിപ്പവും ഗുണനിലവാരവും നിർദ്ദേശിക്കാനുള്ള അധികാരം</u>.-സർക്കാരിന്, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രവുമായി കൂടിയാലോചിച്ച്, വിജ്ഞാപനം വഴി,-

(എ) വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തരത്തിലുള്ളതോ ഇനത്തിലുള്ളതോ ആയ ഏതെങ്കിലും മത്സ്യവിത്തിന്റെ ഏറ്റവും കുറഞ്ഞ വലിപ്പവും;

(ബി) മത്സ്യവിത്ത്, അതിന്റെ വലിപ്പത്തിനു അനുരൂപമാണെന്നും വിത്തിന്റെ ഉറവിടവും രോഗം, പകർച്ച രോഗാണുക്കൾ, രോഗബാധ എന്നിവയിൽ നിന്നെല്ലാം മുക്തമാണെന്നും കൂടാതെ സർക്കാർ, അതത് സമയം, നിർദ്ദേശിച്ചേക്കാവുന്ന വിവരങ്ങളും സൂചിപ്പിക്കുന്ന അടയാളം അല്ലെങ്കിൽ ലേബലും,

നിർദ്ദേശിക്കാവുന്നതാണ്.

## <u>അദ്ധ്യായം III</u>

## രജിസ്ട്രേഷനും ലൈസൻസ് നൽകലും

14. <u>മത്സ്യവിത്ത് വളർത്തലിനും മത്സ്യ കൃഷിക്കും വിജ്ഞാപനം ചെയ്യപ്പെട്ട മത്സ്യവിത്തിന്റെ വിൽപനയ്ക്കും നിയന്ത്രണം</u>.- യാതൊരാളോ സംഘടനയോ ഏജൻസിയോ ഫേമോ ആളുകളുടെ നികായമോ സ്വന്തമായോ അതിനുവേണ്ടി മറ്റേതൊരാൾ മുഖേനയോ,-

(എ) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ നിന്ന് മത്സ്യവിത്ത് ഫാമിനോ ഹാച്ചറിക്കോ വേണ്ടിയുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും;

(ബി) മത്സ്യവിത്ത് വളർത്തലിനും മത്സ്യ കൃഷിക്കും മത്സ്യവിത്ത് വിപണനത്തിനും പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ നിന്ന് ഒരു ലൈസൻസും ലഭിച്ചിട്ടില്ലാത്തപക്ഷം, ഏതെങ്കിലും മത്സ്യ കൃഷി ഫാമിലോ ഹാച്ചറിയിലോ മത്സ്യവിത്ത് വളർത്തലോ മത്സ്യ കൃഷിയോ വിപണനമോ സംഭരണമോ നടത്തുവാനോ വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തരത്തിലോ ഇനത്തിലോ ഉൾപ്പെട്ട ഏതെങ്കിലും മത്സ്യവിത്തിന്റെ വിപണനമോ കയറ്റുമതിയോ ഇറക്കുമതിയോ ചെയ്യുവാനോ പാടുള്ളതല്ല.

15. <u>മത്സ്യവിത്ത് ഫാമിന്റെയും ഹാച്ചറിയുടെയും രജിസ്ട്രേഷൻ</u>.- (1) മത്സ്യവിത്ത് ഫാമിനോ ഹാച്ചറിക്കോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് വേണ്ടിയുള്ള അപേക്ഷ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസോടുകൂടിയും ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് രണ്ടു മാസത്തിന് മുൻപ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് മുമ്പാകെ നേരിട്ടോ പ്രാദേശിക കേന്ദ്രങ്ങൾ അല്ലെങ്കിൽ ഉപകേന്ദ്രങ്ങൾ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

(2) മത്സ്യവിത്തു ഫാമുകളും ഹാച്ചറികളും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഈടാക്കിയതിനുശേഷം, അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും രജിസ്റ്റർ ചെയ്യാവുന്നതാണ്:

എന്നാൽ, നിലവിലുള്ള മത്സ്യവിത്ത് ഫാമുകളെയോ ഹാച്ചറികളെയോ സംബന്ധിച്ച്, അപ്രകാരമുള്ള മത്സ്യവിത്ത് ഫാമുകളും ഹാച്ചറികളും ഈ ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ നിലവിൽ വരുന്ന തീയതി മുതൽ മൂന്നുമാസക്കാലയളവിനുള്ളിൽ ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതാണ്.

(3) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, മറ്റു വിധത്തിൽ റദ്ദാക്കപ്പെടുന്നില്ലെങ്കിൽ, അത് നൽകിയ തീയതി മുതൽ അഞ്ചു വർഷത്തേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് ബോധിപ്പിക്കുവാനുള്ളത് ബോധിപ്പിക്കുവാൻ ന്യായമായ ഒരവസരം നൽകാതെ, അങ്ങനെയുള്ള യാതൊരു റദ്ദാക്കലും നടത്തുവാൻ പാടില്ലാത്തതാണ്.

(4) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത മത്സ്യവിത്ത് ഫാമിന്റെയോ ഹാച്ചറിയുടെയോ ഉടമസ്ഥനോടോ പാട്ടക്കാരനോടോ മത്സ്യവിത്ത് ഫാമിന്റെയോ ഹാച്ചറിയുടേയോ പ്രവേശനകവാടത്തിൽ വ്യക്തമായി കാണത്തക്കവിധത്തിൽ അതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.

16. <u>മത്സ്യവിത്ത് വളർത്തലോ മത്സ്യകൃഷിയോ മത്സ്യവിത്തിന്റെ വിപണനമോ കയറ്റുമതിയോ ഇറക്കുമതിയോ നടത്തുന്നതിനു വേണ്ടി ലൈസൻസ് നൽകൽ</u>.-(1) മത്സ്യവിത്ത് വളർത്തലോ മത്സ്യകൃഷിയോ ഏതെങ്കിലും മത്സ്യവിത്തിന്റെ വിപണനമോ കയറ്റുമതിയോ ഇറക്കുമതിയോ നടത്തുന്നതിനു വേണ്ടി വാർഷിക ലൈസൻസിനുള്ള അപേക്ഷ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും, ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് ഒരു മാസം മുൻപ്, പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം മുൻപാകെ സമർപ്പിക്കേണ്ടതാണ്.

(2) അപേക്ഷാ ഫാറങ്ങൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫീസ് നൽകി പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ നിന്ന് വാങ്ങുകയോ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തു എടുക്കുകയോ ചെയ്യേണ്ടതാണ്.

(3) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസോടുകൂടിയ അങ്ങനെയുള്ള അപേക്ഷ ലഭിച്ചതിൻമേൽ, അതിന് സ്വയമായോ ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസർമാർ മുഖേനയോ അന്വേഷണവും പരിശോധനയും നടത്താവുന്നതാണ്.

(4) അപേക്ഷയിൽ നൽകിയ വിശദാംശങ്ങളേയും തെരഞ്ഞെടുക്കേണ്ട തായ മത്സ്യവിത്തിന്റെ ഇനത്തേയും തര ത്തേയും വർഗ്ഗത്തേയും വിഭാ ഗത്തേയും സംബന്ധിച്ച് പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങൾ ആവശ്യമായ അന്വേഷണങ്ങൾ നടത്തേണ്ടതും ലൈസൻസ് നൽകേണ്ടതുണ്ടെന്ന് അതിന് ബോദ്ധ്യപ്പെടുന്ന പക്ഷം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഉള്ള ലൈസൻസ് ഫീസ് ഈടാക്കിയതിനുശേഷം, ആയതിനെപ്പറ്റി ഒരു റിപ്പോർട്ടും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ലൈസൻസിന്റെ മൂന്ന് പ കർപ്പുകളും തയ്യാറാക്കേണ്ടതുമാണ്.

(5) ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസർ, പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ നിന്ന് ലൈസൻസിന്റെ അസ്സൽ പകർപ്പും ഡ്യൂപ്ലിക്കേറ്റ് പ കർപ്പുകളും ലഭിച്ചതിൻമേൽ, ഡ്യൂപ്ലിക്കേറ്റ് പകർപ്പ് തന്റെ ആഫീസിൽ സൂക്ഷിച്ചതിനുശേഷം ബന്ധപ്പെട്ട കക്ഷികൾക്ക് അസ്സൽ ലൈസൻസ് നൽകേണ്ടതും വിശദാംശങ്ങൾ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ തന്റെ ആഫീസിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്:

എന്നാൽ, നിലവിലുള്ള മത്സ്യവിത്ത് ഫാമുകളെയോ മത്സ്യവിത്ത് ഹാച്ചറികളെയോ സംബന്ധിച്ച് അപ്രകാരമുള്ള മത്സ്യവിത്ത് ഫാമുകളും മത്സ്യവിത്ത് ഹാച്ചറികളും ഈ ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ നിലവിൽവന്നു മൂന്നുമാസക്കാലയളവിനുള്ളിൽ ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള ലൈസൻസ് എടുത്തിരിക്കേണ്ടതാണ്.

(6) ലൈസൻസിന്, അതു മറ്റു വിധത്തിൽ റദ്ദാക്കപ്പെടാത്ത പക്ഷം, അത് നൽകിയ തീയതി മുതൽ ഒരു സാമ്പത്തിക വർഷത്തേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ലൈസൻസിന്റെ കൈവശക്കാരന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ, അങ്ങനെയുള്ള യാതൊരു റദ്ദാക്കലും നടത്തുവാൻ പാടില്ലാത്തതാണ്.

17. <u>രജിസ്ട്രേഷൻ പുതുക്കൽ</u>.-(1) മത്സ്യവിത്തു ഫാമിന്റെയും ഹാച്ചറിയുടെയും രജിസ്ട്രേഷൻ പുതുക്കുന്നതിനു വേണ്ടിയുള്ള അപേക്ഷ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസോടുകൂടിയും, രജിസ്ട്രേഷൻ കാലാവധി അവസാ നിക്കുന്നതിന് രണ്ടു മാസത്തിന് മുമ്പ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് മുമ്പാകെ നേരിട്ടോ പ്രാദേശിക കേന്ദ്രങ്ങൾ അല്ലെങ്കിൽ ഉപകേന്ദ്രങ്ങൾ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

(2) രജിസ്ട്രേഷൻ പുതുക്കുന്നതിനു വേണ്ടിയുള്ള അപേക്ഷ ഓരോ അഞ്ചു വർഷക്കാലയളവിലേക്കു മാത്രമേ അനുവദിക്കുകയുള്ളൂ.

(3) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് അങ്ങനെയുള്ള അപേക്ഷ ലഭിച്ചതിൻമേൽ അത് കൂടുതൽ അന്വേഷണത്തിനും പരിശോധനയ്ക്കുമായി പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന് കൈമാറാവുന്നതാണ്.

(4) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന് ഇത്തരത്തിലുള്ള അപേക്ഷകൾ ലഭിച്ചതിൻമേൽ, നേരിട്ടോ ഉപകേന്ദ്രങ്ങൾ മുഖേനയോ അതിന്റെ മുൻവർഷങ്ങളിലെ നിർവ്വഹണം സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തേണ്ടതും രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, അപ്രകാരമുള്ളതോ അങ്ങനെയല്ലാത്തപക്ഷം ആയത് നിരസിക്കുന്നതിന്റെ കാരണങ്ങളോടുകൂടിയതോ ആയ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(5) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം അയച്ച അപേക്ഷയോടൊപ്പമുള്ള ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടുകളും ലഭിച്ചതിൻമേൽ, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് ഈടാക്കിയതിനുശേഷം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ രജിസ്ട്രേഷൻ പുതുക്കി ന ൽകേണ്ടതും അല്ലെങ്കിൽ രജിസ്ട്രേഷൻ പുതുക്കൽ നിരസിക്കേണ്ടതും അങ്ങനെയുള്ള ഉത്തരവുകൾ പാസ്സാക്കി പത്തു ദിവസത്തിനകം നിരസിക്കലിന്റെ കാരണം രേഖാമൂലമായി അപേക്ഷകനെ അറിയിക്കുകയും ചെയ്യേണ്ടതുമാണ്.

(6) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം, അങ്ങനെയുള്ള രജിസ്ട്രേഷന്റെ പുതുക്കലുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ, അതിന്റെ ആഫീസിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## <u>അദ്ധ്യായം IV</u>

## മത്സ്യവിത്ത് ഇൻസ്പെക്ടർമാരും സൂക്ഷ്മ പരിശോധകരും

18. <u>മത്സ്യവിത്ത് ഇൻസ്പെക്ടർമാരുടെ നിയമനം</u>.-സർക്കാരിന്, വിജ്ഞാപനം വഴി, നിർണ്ണയിക്കപ്പെട്ട യോഗ്യതകളുള്ള, അത് യുക്തമെന്ന് കരുതുന്നത്ര അങ്ങനെയുള്ള ആളുകളെ, മത്സ്യവിത്ത് ഇൻസ്പെക്ടർമാരായി നിയമിക്കാവുന്നതും അവർ അധികാരിത പ്രയോഗിക്കേണ്ട പ്രദേശങ്ങൾ നിർവ്വചിക്കാവുന്നതുമാണ്.

19. <u>മത്സ്യവിത്ത് ഇൻസ്പെക്ടറുടെ അധികാരങ്ങൾ.-</u>(1) മത്സ്യവിത്ത് ഇൻസ്പെക്ടർക്ക്,-

(എ) അദ്ദേഹം ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള സഹായം, എന്തെങ്കിലും ഉണ്ടെങ്കിൽ അതോടു കൂടിയും, ന്യായമായ എല്ലാ സമയത്തും, ഹാച്ചറികളിലും മത്സ്യവിത്ത് ഫാമുകളിലും ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തിട്ടുള്ളത് അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് അദ്ദേഹത്തിന് വിശ്വസിക്കാൻ തക്ക കാരണമുള്ള ഏതു സ്ഥലത്തും പ്രവേശിക്കാവുന്നതും പ രിശോധിക്കാവുന്നതും ഏത് മത്സ്യവിത്തുമായി ബന്ധപ്പെട്ടാണോ കുറ്റം ചെയ്തിട്ടുള്ളത് അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുന്നത്, അത് കൈവശം വച്ചിരിക്കുന്ന ആളിന്, മുപ്പത് ദിവസത്തിൽ കുറയാത്ത ഒരു കാലയളവിനുള്ളിൽ അങ്ങനെയുള്ള ഏതെങ്കിലും മത്സ്യവിത്തിന്റെ ശേഖരം കയ്യൊഴിയാതിരിക്കുന്നതിനും അല്ലെങ്കിൽ ആരോപിക്കപ്പെട്ട കുറ്റം അതിന്റെ കൈവശക്കാരനുതന്നെ നീക്കം ചെയ്യാൻ കഴിയാത്ത തരത്തിൽ ഉള്ളതാണെങ്കിൽ, അങ്ങനെയുള്ള മത്സ്യവിത്തിന്റെ ശേഖരം വിൽക്കുന്നതിൽ നിന്നും അയാളെ തടയുന്നതിനായി രേഖാമൂലമായി ഉത്തരവ് പുറപ്പെടുവിക്കാവുന്നതും;

(ബി) വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തരത്തിലോ ഇനത്തിലോ പെട്ട ഏതെങ്കിലും മത്സ്യവിത്തുകളുടെ സാമ്പിളുകൾ,-

(i) ഏതെങ്കിലും 'ഹാച്ചറി' അല്ലെങ്കിൽ 'മത്സ്യവിത്ത് ഫാം' അല്ലെങ്കിൽ അത്തരം മത്സ്യവിത്ത് വിൽപന നടത്തിക്കൊണ്ടിരിക്കുന്നതോ വിൽപനയ് ക്ക് വച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ആളിൽ നിന്നും; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള മത്സ്യവിത്ത് വാങ്ങുന്ന ഒരാളിനോ ഏൽപ്പിക്കുന്ന ഒരാളിനോ കിട്ടുന്നതിനുവേണ്ടി അത് വഹിച്ചുകൊണ്ടു പോകുകയോ ഏൽപ്പിച്ചു കൊടുക്കുകയോ എത്തിച്ചു കൊടുക്കുവാനായി തയ്യാറെടുക്കുകയോ ചെയ്യുന്ന സമയത്ത് ഏതൊരാളിൽ നിന്നും;

(iii) അങ്ങനെയുള്ള മത്സ്യവിത്ത് വാങ്ങുന്നയാളിനോ എത്തിച്ചു കൊടുക്കേണ്ട ആളിനോ ലഭിച്ചതിനുശേഷം അവരിൽ നിന്നും എടുക്കാവുന്നതും;

(സി) അങ്ങനെയുള്ള സാമ്പിൾ എടുത്തിട്ടുള്ള പ്രദേശത്തെ മത്സ്യവിത്ത് സൂക്ഷ്മ പരിശോധകന് പരിശോധനയ്ക്കായി ആ സാമ്പിൾ അയച്ചു കൊടുക്കാവുന്നതും;

(ഡി) (എ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സ്ഥലത്ത് നിന്ന് കണ്ടെടുത്ത ഏതെങ്കിലും രേഖയോ, രജിസ്റ്ററോ, പ്രമാണമോ മറ്റേതെങ്കിലും ലക്ഷ്യ വസ്തുവോ പരിശോധിക്കുവാനും ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്തതായിട്ടുള്ള തെളിവ് അതു നൽകുമെന്ന് അയാൾക്ക് വിശ്വസിക്കാൻ തക്ക എന്തെങ്കിലും കാരണമുണ്ടെങ്കിൽ, അവ

പിടിച്ചെടുക്കാവുന്നതും;

(ഇ) ഈ ആക്റ്റിന്റെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടെയോ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കാവുന്നതും;

ആണ്.

(2) (1)-ാം ഉപവകുപ്പിലെ (എ) ഖണ്ഡപ്രകാരം വിജ്ഞാപനം ചെയ്ത ഏതെങ്കിലും തരത്തിലോ ഇനത്തിലോ ഉൾപ്പെട്ട ഏതെങ്കിലും മത്സ്യവിത്തിന്റെ സാമ്പിൾ എടുക്കുന്നിടത്ത്, അങ്ങനെയുള്ള മത്സ്യവിത്ത് പൊതുജനങ്ങൾക്ക് സാധാരണയായി വിൽക്കുന്ന നിരക്കിൽ കണക്കാക്കിയ അതിന്റെ വില, ആരിൽ നിന്നാണോ അത് എടുത്തത്, അയാൾ അത് ആവശ്യപ്പെട്ടാൽ നൽകേണ്ടതാണ്.

(3) ഈ വകുപ്പുപ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരത്തിൽ, വിജ്ഞാപനം ചെയ്ത ഏതെങ്കിലും തരത്തിലോ ഇനത്തിലോ ഉൾപ്പെട്ട മത്സ്യവിത്തടങ്ങുന്ന ഏതൊരു കണ്ടെയ്നറും തുറക്കുവാനും അല്ലെങ്കിൽ ഹാച്ചറിയിലോ കുളത്തിലോ നിന്നും വിൽപനക്കായി സൂക്ഷിക്കുന്ന അങ്ങനെയുള്ള ഏതൊരു മത്സ്യവിത്തും ശേഖരിക്കുവാനും ഉള്ള അധികാരം ഉൾപ്പെടുന്നതാകുന്നു:

എന്നാൽ, ഹാച്ചറിയുടെയോ മത്സ്യവിത്തു ഫാമിന്റെയോ ഉടമസ്ഥനോ അവിടെ ഹാജരായിട്ടുള്ള അതിന്റെ ചുമതലയുള്ള മറ്റേതെങ്കിലും ആളോ, അങ്ങനെ ആവശ്യപ്പെട്ടിട്ടും മത്സ്യവിത്ത് ശേഖരിക്കലിനുള്ള അനുമതി നൽകാതിരിക്കുകയാണെങ്കിൽ മാത്രമേ ഹാച്ചറിയിൽ നിന്നോ മത്സ്യവിത്ത് ഫാമിൽ നിന്നോ മത്സ്യവിത്തുകൾ ശേഖരിക്കുവാൻ (3)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന അധികാരം വിനിയോഗിക്കുവാൻ പാടുള്ളൂ.

(4) മത്സ്യവിത്ത് ഇൻസ്പെക്ടർ, (1)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡം പ്രകാരം, എന്തെങ്കിലും നടപടി സ്വീകരിക്കുന്നപക്ഷം, അദ്ദേഹം കഴിയുന്നിടത്തോളം, രണ്ടിൽ കുറയാതെയുള്ള ആളുകളോട് അങ്ങനെയുള്ള നടപടി എടുക്കുന്ന സ്ഥലത്ത് ഹാജരാകുന്നതിനായി ആവശ്യപ്പെടേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ തയ്യാറാക്കുന്ന ഒരു മെമ്മോറാണ്ടത്തിൽ അവരുടെ കൈയ്യൊപ്പ് ശേഖരിക്കേണ്ടതുമാണ്.

(5) മത്സ്യവിത്ത് ഇൻസ്പെക്ടർ, രേഖാമൂലമായി, നിർണ്ണയക്കപ്പെടാവുന്ന രീതിയിൽ, അക്കാര്യം ന്യായനിർണ്ണയ ആഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(6) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ, പ്രസ്തുത സംഹിതയിലെ 94-ാം വകുപ്പിൻകീഴിൽ

പുറപ്പെടുവിച്ച ഒരു വാറന്റിന്റെ അധികാരത്തിൻ കീഴിൽ നടത്തുന്ന ഏതൊരു പരിശോധനയോ പിടിച്ചെടുക്കലോ സംബന്ധിച്ച് അതു ബാധകമാകുന്നതുപോലെ ഈ വകുപ്പ് പ്രകാരം നടത്തുന്ന ഏതൊരു പരിശോധനയ്ക്കോ

പിടിച്ചെടുക്കലിനോ ബാധകമാകുന്നതാണ്.

20. <u>മത്സ്യവിത്ത് സൂക്ഷ്മപരിശോധകരുടെ നിയമനം</u>.- സർക്കാരിന്, വിജ്ഞാപനം മുഖേന, നിർണ്ണയിക്കപ്പെട്ട യോഗ്യതകളുള്ള അത് യുക്തമെന്നു കരുതുന്നത്ര, അങ്ങനെയുള്ള ആളുകളെ മത്സ്യവിത്ത് സൂക്ഷ്മപരിശോധകരായി നിയമിക്കാവുന്നതും അവർ അധികാരിത പ്രയോഗിക്കേണ്ട പ്രദേശങ്ങൾ നിർവ്വചിക്കാവുന്നതുമാണ്.

21. <u>സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം സർട്ടിഫിക്കറ്റ് നൽകൽ</u>.-(1) വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തരത്തിലോ ഇനത്തിലോപെട്ട ഏതെങ്കിലും മത്സ്യവിത്ത് കയറ്റുമതിയോ ഇറക്കുമതിയോ വിപണനമോ നടത്തുന്ന ഏതെങ്കിലും ആളോ ഏതൊരു മത്സ്യവിത്ത് ഫാമോ ഹാച്ചറിയോ അങ്ങനെയുള്ള മത്സ്യവിത്ത് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം സാക്ഷ്യപ്പെടുത്തണം എന്ന് താൽപര്യപ്പെടുകയാണെങ്കിൽ, ആ ആവശ്യത്തിലേക്കായി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് അപേക്ഷ നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഓരോ അപേക്ഷയും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസോടു കൂടിയും നൽകേണ്ടതാണ്.

(3) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം മുഖേന ഒരു സർട്ടിഫിക്കറ്റ് ന ൽകുന്നതിനായുള്ള ഏതൊരു അപേക്ഷയും ലഭിച്ചതിൻമേൽ, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിനു അത് യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള അന്വേഷണത്തിനുശേഷവും അപേക്ഷയുമായി ബന്ധപ്പെട്ട മത്സ്യവിത്ത് നിർണ്ണയിക്കപ്പെട്ട നിലവാരത്തിനു അനുരൂപമാകുന്നുവെന്ന് സ്വയം ബോദ്ധ്യപ്പെട്ടതിന് ശേഷവും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വ്യവസ്ഥകളിൻമേലും ഒരു സർട്ടിഫിക്കറ്റ് ന ൽകാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള മത്സ്യവിത്തിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള, ഏറ്റവും കുറഞ്ഞ പരിധികളിലെ വലിപ്പത്തിനെക്കാൾ താഴെയാകാൻ പാടില്ലാത്തതും രോഗാണുക്കൾ, രോഗങ്ങൾ, രോഗാണുബാധകൾ എന്നിവയിൽ നിന്നും മുക്തവും ആയിരിക്കേണ്ടതാണ്.

22. <u>സർട്ടിഫിക്കറ്റ് പിൻവലിക്കൽ</u>.-സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് ഇക്കാര്യത്തിൽ അതിന് ലഭിച്ച ഒരു റഫറൻസിൻമേലോ മറ്റ് വിധത്തിലോ,-

(എ) 14-ാം വകുപ്പു പ്രകാരം അത് നൽകിയ സർട്ടിഫിക്കറ്റ് പ്രധാന വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് നേടിയതാണെന്നോ;

(ബി) സർട്ടിഫിക്കറ്റിന്റെ കൈവശക്കാരൻ, ന്യായമായ കാരണം കൂടാതെ, സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്തിട്ടുണ്ടെന്നോ, ബോദ്ധ്യമാകുന്നുവെങ്കിൽ;

ഈ ആക്റ്റ് പ്രകാരം സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് അർഹനാകാവുന്ന മറ്റേതൊരു ശിക്ഷയ്ക്കും ഭംഗം വരാത്തവിധം, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്, ആ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് കാരണം കാണിക്കുന്നതി നുള്ള ഒരവസരം നൽകിയതിനുശേഷം, ആ സർട്ടിഫിക്കറ്റ്

പിൻവലിക്കാവുന്നതാണ്.

23. <u>മത്സ്യവിത്ത് ഇൻസ്പെക്ടർ അനുവർത്തിക്കേണ്ട നടപടിക്രമം</u>.- (1) മത്സ്യവിത്ത് ഇൻസ്പെക്ടർ, വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തരത്തിലോ ഇനത്തിലോ പെട്ട ഏതെങ്കിലും മത്സ്യവിത്തിന്റെ സാമ്പിൾ, സൂക്ഷ്മപരിശോധനയ്ക്കായി എടുക്കുവാൻ ഉദ്ദേശിക്കുമ്പോഴെല്ലാം, അയാൾ, -

(എ) ആരിൽ നിന്നാണോ സാമ്പിൾ എടുക്കുവാൻ ഉദ്ദേശിക്കുന്നത് അയാൾക്ക് അപ്പോൾ തന്നെ അങ്ങനെയുള്ള ഉദ്ദേശ്യം അറിയിക്കുന്ന രേഖാമൂലമായ ഒരു നോട്ടീസ് നൽകേണ്ടതും;

(ബി) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രത്യേക സംഗതികളിൽ ഒഴികെ, നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രാതിനിധ്യ സ്വഭാവമുള്ള മൂന്ന് സാമ്പിളുകൾ എടുക്കേണ്ടതും ഓരോ സാമ്പിളും അതിന്റെ സ്വഭാവം അനുവദിക്കുന്ന അങ്ങനെയുള്ള രീതിയിൽ അടയാളപ്പെടുത്തേണ്ടതും സീൽ ചെയ്യേണ്ടതും അല്ലെങ്കിൽ കെട്ടിവെയ്ക്കേണ്ടതും;

ആണ്.

(2) മത്സ്യവിത്ത് ഇൻസ്പെക്ടർ, വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തരത്തിലോ ഇനത്തിലോ പെട്ട മത്സ്യവിത്തിന്റെ സാമ്പിളുകൾ (1)-ാം ഉപവകുപ്പുപ്രകാരം എടുക്കുമ്പോൾ,-

(എ) ആരിൽ നിന്നാണോ അത് എടുത്തത് അയാൾക്ക് അതിന്റെ ഒരു സാമ്പിൾ കൊടുക്കേണ്ടതും;

(ബി) മറ്റൊരു സാമ്പിൾ, അങ്ങനെയുള്ള സാമ്പിൾ എടുക്കപ്പെട്ട പ്രദേശത്തുള്ള മത്സ്യവിത്ത് സൂക്ഷ്മപരിശോധകന്, സൂക്ഷ്മ പ രിശോധനയ്ക്കായി, നിർണ്ണയിക്കപ്പെട്ട രീതിയിൽ അയച്ചുകൊടുക്കേണ്ടതും;

(സി) അവശേഷിക്കുന്ന സാമ്പിൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ മത്സ്യവിത്ത് പരീക്ഷണശാലയിൽ സൂക്ഷ്മപരിശോധനയ്ക്കായി അയച്ചുകൊടുക്കേണ്ടതും;

ആണ്.

(3) ആരിൽ നിന്നാണോ സാമ്പിളുകൾ ശേഖരിച്ചിട്ടുള്ളത് അയാൾ സാമ്പിളുകളിലൊന്ന് സ്വീകരിക്കാൻ വിസമ്മതിക്കുന്നിടത്ത്, അങ്ങനെയുള്ള വിസമ്മതത്തെക്കുറിച്ച് മത്സ്യവിത്ത് സൂക്ഷ്മപരിശോധകന് മത്സ്യവിത്ത് ഇൻസ്പെക്ടർ അറിയിപ്പു കൊടുക്കേണ്ടതും സൂക്ഷ്മ പരിശോധനയ്ക്കായി സാമ്പിൾ സ്വീകരിക്കുന്ന മത്സ്യവിത്ത് സൂക്ഷ്മപരിശോധകൻ അതിനെ രണ്ടു ഭാഗങ്ങളായി തിരിക്കേണ്ടതും അതിലൊന്ന് സീൽ ചെയ്യുകയോ മൂടിക്കെട്ടുകയോ ചെയ്യേണ്ടതും സാമ്പിൾ ലഭിക്കുമ്പോഴോ അയാളുടെ റിപ്പോർട്ട് നൽകുമ്പോഴോ അത് മത്സ്യവിത്ത് ഇൻസ്പെക്ടർക്ക് എത്തിച്ചുകൊടുക്കേണ്ടതും നിയമനടപടികൾ എടുക്കുന്ന സംഗതികളിൽ അയാൾ അത് ഹാജരാക്കുന്നതിനായി സൂക്ഷിക്കേണ്ടതുമാണ്.

(4) 19-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരമുള്ള എന്തെങ്കിലും നടപടി ഒരു മത്സ്യവിത്ത് ഇൻസ്പെക്ടർ സ്വീകരിക്കുന്നപക്ഷം,-

(എ) മത്സ്യവിത്ത്, ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്നോ ഇല്ലെന്നോ നിജപ്പെടുത്തുന്നതിന് അയാൾ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും മത്സ്യവിത്തിൽ അപ്രകാരമുള്ള ലംഘനമില്ലെങ്കിൽ മേൽ പ്പ റഞ്ഞ ഖണ്ഡപ്രകാരം പാസ്സാക്കിയ ഉത്തരവ് ഉടനടി റദ്ദാക്കുകയോ, അതത് സംഗതിപോലെ, പിടിച്ചെടുത്ത മത്സ്യവിത്തിന്റെ ശേഖരം തിരികെ നൽകുന്നതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള നടപടികൾ സ്വീകരിക്കേണ്ടതോ;

(ബി) അയാൾ മത്സ്യവിത്ത് ശേഖരം പിടിച്ചെടുക്കുകയാണെങ്കിൽ കഴിയുന്നത്രവേഗം, അത് ന്യായനിർണ്ണയ ആഫീസറെ അറിയിക്കേണ്ടതും അവയുടെ സൂക്ഷിപ്പിനെ സംബന്ധിച്ചുള്ള അതിന്റെ ഉത്തരവ് വാങ്ങേണ്ടതും;

(സി) ഈ ആക്റ്റ് പ്രകാരം നൽകുന്ന ശിക്ഷയ്ക്ക് ഭംഗം വരാത്തവിധം, ആരോപിക്കപ്പെട്ട കുറ്റം, മത്സ്യവിത്തിന്റെ കൈവശക്കാരന് നീക്കം ചെയ്യാനാകുന്ന അങ്ങനെയുള്ളതാണെങ്കിൽ ആ കുറവ് അങ്ങനെ പരിഹരിച്ചു എന്ന് ബോധ്യപ്പെടുന്നിടത്ത്, മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം പാസ്സാക്കിയ ഉത്തരവ് ഉടനടി റദ്ദാക്കേണ്ടതും;

ആണ്.

(5) ഒരു മത്സ്യവിത്ത് ഇൻസ്പെക്ടർ, 19-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഡി) ഖണ്ഡപ്രകാരം ഏതെങ്കിലും രേഖയോ രജിസ്റ്ററോ പ്രമാണമോ മറ്റേതെങ്കിലും വസ്തുവോ പിടിച്ചെടുക്കുന്നിടത്ത് ബന്ധപ്പെട്ടവർക്ക് രസീത് നൽകേണ്ടതും ന്യായനിർണ്ണയ ആഫീസറെ അറിയിച്ചിരിക്കേണ്ടതും അതിന്റെ സൂക്ഷിപ്പ് സംബന്ധിച്ച അദ്ദേഹത്തിന്റെ ഉത്തരവ് വാങ്ങേണ്ടതുമാണ്.

24. <u>മത്സ്യവിത്ത് സൂക്ഷ്മപരിശോധകന്റെ റിപ്പോർട്ട്</u>.-(1) മത്സ്യവിത്ത് സൂക്ഷ്മ പരിശോധകന്, 19-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (സി) ഖണ്ഡപ്രകാരം സാമ്പിൾ ലഭിക്കുമ്പോൾ കഴിയുന്നത്രവേഗം, പ്രാദേശിക മത്സ്യവിത്ത് പരീക്ഷണശാലയിൽ ആ സാമ്പിൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഫാറത്തിൽ, സൂക്ഷ്മപരിശോധനയുടെ ഫലം സംബന്ധിച്ചുള്ള റിപ്പോർട്ടിന്റെ ഒരു പകർപ്പ് മത്സ്യവിത്ത് ഇൻസ്പെക്ടർക്കും അതിന്റെ മറ്റൊരു പകർപ്പ്, ആരിൽ നിന്നാണോ സാമ്പിൾ ശേഖരിച്ചത് ആ ആളിനും നൽകേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള റിപ്പോർട്ടിനെ സംബന്ധിക്കുന്ന അറിയിപ്പു ലഭിച്ചതിനുശേഷം, കുറ്റം ചുമത്തപ്പെട്ട വിൽപ്പനക്കാരനോ പരാതിക്കാരനോ, നിർണ്ണയിക്കപ്പെട്ട ഫീസ് ഒടുക്കിയതിനുശേഷം, സാമ്പിൾ, പ്രാദേശിക മത്സ്യവിത്ത് പരീക്ഷണശാലയുടെ റിപ്പോർട്ടിന് വേണ്ടി അയച്ചുകൊടുക്കുന്നതിനുള്ള ഒരു അപേക്ഷ ന്യായനിർണ്ണയ ആഫീസർക്ക് നൽകാവുന്നതും, ആ അപേക്ഷ കൈപ്പറ്റിയാൽ ന്യായനിർണ്ണയ ആഫീസർ ആദ്യമേ തന്നെ, മാർക്കിനോ സീലിനോ കെട്ടുകൾക്കോ കേട് പറ്റിയിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതും, സാമ്പിൾ അതിനുശേഷം അതിന്റെ മുദ്രയോടുകൂടി പ്രാദേശിക മത്സ്യവിത്ത് പരീക്ഷണശാലയിലേക്ക് അയച്ചുകൊടുക്കേണ്ടതും, തദനന്തരം ന്യായനിർണ്ണയ ആഫീസറുടെ നിർദ്ദേശം ലഭിച്ച തീയതിമുതൽ ഒരാഴ്ചയ്ക്കകം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ന്യായനിർണ്ണയ ആഫീസർക്ക് സൂക്ഷ്മപരിശോധനയുടെ ഫലം വ്യക്തമാക്കുന്ന അതിന്റെ റിപ്പോർട്ട്, അയച്ചുകൊടുക്കേണ്ടതുമാണ്.

(3) പ്രാദേശിക മത്സ്യവിത്ത് പരീക്ഷണശാലയുടെ (2)-ാം ഉപവകുപ്പുപ്രകാരമുള്ള റിപ്പോർട്ട്, (1)-ാം ഉപവകുപ്പുപ്രകാരമുള്ള മത്സ്യവിത്ത് സൂക്ഷ്മ പരിശോധകന്റെ റിപ്പോർട്ടിനെ അØിരപ്പെടുത്തുന്നതാണ്.

(4) (2)-ാം ഉപവകുപ്പുപ്രകാരം പ്രാദേശിക മത്സ്യവിത്ത് പ രീക്ഷണശാലയിൽനിന്നും അയച്ച റിപ്പോർട്ട് ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും നടപടിക്രമങ്ങളിൽ ഹാജരാക്കുന്നിടത്ത്, അത്തരം നടപടിക്രമങ്ങളിൽ സൂക്ഷ്മപരിശോധനയ്ക്കായി എടുത്തിട്ടുള്ള ഏതെങ്കിലും സാമ്പിളോ അതിന്റെ ഭാഗമോ ഹാജരാക്കേണ്ട ആവശ്യമില്ല.

25. <u>വിജ്ഞാപനം ചെയ്യപ്പെട്ട തരത്തിലോ ഇനത്തിലോ പെട്ട മത്സ്യവിത്തിന്റെ കയറ്റുമതിയിലോ ഇറക്കുമതിയിലോ ഉള്ള നിയന്ത്രണം</u>.- കയറ്റുമതിയ്ക്കോ ഇറക്കുമതിയ്ക്കോ രജിസ്ട്രേഷനും ലൈസൻസും ഉള്ള യാതൊരു ആളോ, ഏജൻസിയോ അസ്സോസ്സിയേഷനോ ഫേമോ വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തരത്തിലോ ഇനത്തിലോ പെട്ട ഏതെങ്കിലും മത്സ്യവിത്ത്,-

(എ) 13-ാം വകുപ്പ് പ്രകാരം അങ്ങനെയുള്ള മത്സ്യവിത്തിന് നിർദ്ദേശിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ വലിപ്പത്തിന് അത് അനു രൂപമല്ലെങ്കിലോ, പകർച്ച രോഗാണുക്കൾ, രോഗം, രോഗബാധ എന്നിവയിൽ നിന്നു മുക്തമല്ലെങ്കിലോ;

(ബി) നിർണ്ണയിക്കപ്പെട്ട വിധത്തിൽ, ആ മത്സ്യവിത്തിന് നിർദ്ദേശിച്ചിട്ടുള്ള അതിനെ സംബന്ധിക്കുന്ന ശരിയായ വിവരങ്ങൾ ഉള്ള അടയാളമോ ലേബലോ അതിന്റെ ക ണ്ടെയ്നറിൽ ഇല്ലെങ്കിലോ;

അവ വളർത്തുന്നതിനോ കൃഷി ചെയ്യുന്നതിനോ വിനോദത്തിനോ കയറ്റുമതിയോ ഇറക്കുമതിയോ നടത്തുന്നതിനോ കയറ്റുമതിയോ ഇറക്കുമതിയോ ന ടത്തിപ്പിക്കുന്നതിനോ പാടുള്ളതല്ല.

26. <u>സംസ്ഥാനത്തിന് പുറത്തുള്ള മത്സ്യവിത്ത് സർട്ടിഫിക്കേഷൻ ഏജൻസികളെ അംഗീകരിക്കൽ</u>.-സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ശിപാർശയിൻമേൽ, വിജ്ഞാപനം വഴി, കേരളത്തിന് പുറത്ത് മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതായ ഏതൊരു മത്സ്യവിത്തു സർട്ടിഫിക്കേഷൻ ഏജൻസിയേയും അംഗീകരിക്കാവുന്നതാണ്.

27. <u>അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ നിയമനം</u>.- സർക്കാർ, വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ

അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥരായി അധികാരപ്പെടുത്തേണ്ടതും അവർ ഏതെല്ലാം പ്രദേശങ്ങൾക്കുള്ളിലാണ് അധികാരിത പ്രയോഗിക്കേണ്ടതാണെന്ന് നിർവ്വചിക്കേണ്ടതുമാണ്.

28. <u>ന്യായനിർണ്ണയ ആഫീസറുടെ നിയമനം</u>.- സർക്കാർ, വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ന്യായനിർണ്ണയ ആഫീസറായി അധികാരപ്പെടുത്തേണ്ടതും അവർ ഏതെല്ലാം പ്രദേശങ്ങൾക്കുള്ളിലാണ് അധികാരിത പ്രയോഗിക്കേണ്ടതെന്ന് നിർവ്വചിക്കേണ്ടതുമാണ്.

29. <u>അപ്പലേറ്റ് അധികാരിയുടെ നിയമനം</u>.- സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ജോയിന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ അപ്പലേറ്റ് അധികാരി കളായി അധികാരപ്പെടുത്താവുന്നതും അവർ ഏതെല്ലാം പ്രദേശങ്ങൾക്കുള്ളിലാണ് അധികാരിത പ്രയോഗിക്കേണ്ടതെന്ന് നിർവ്വചിക്കേണ്ടതുമാണ്.

## <u>അദ്ധ്യായം V</u>

## ന്യായനിർണ്ണയം

30. <u>ന്യായനിർണ്ണയം</u>.- (1) ഏതെങ്കിലും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്, ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ അതിൻ കീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിലെയോ രജിസ്ട്രേഷ ന്റെയോ ലൈസൻസി ന്റെയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് ലംഘനമുണ്ടായിട്ടുണ്ടെന്ന് വിശ്വസിക്കാൻ തക്ക കാരണമുള്ളപ്പോൾ, അയാൾ അതു സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് ന്യായനിർണ്ണയ ആഫീസർക്ക് നൽകേണ്ടതാണ്.

(2) ന്യായനിർണ്ണയ ആഫീസർ, (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു റിപ്പോർട്ട് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ലഭിച്ചതിൻമേലോ അല്ലെങ്കിൽ മത്സ്യവിത്ത് ഇൻസ്പെക്ടറിൽ നിന്നോ മത്സ്യവിത്ത് സൂക്ഷ്മപരിശോധകനിൽ നിന്നോ ഒരു റിപ്പോർട്ട് ലഭിച്ചതിൻമേലോ ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷം, റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെക്കുറിച്ച് നിർണ്ണയിക്കപ്പെട്ട രീതിയിൽ, ഒരന്വേഷണം നടത്തേണ്ടതാണ്.

31. ശിക്ഷ.-(1) ന്യായനിർണ്ണയ ആഫീസർ, 30-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പു പ്രകാരമുള്ള അന്വേഷണത്തിനു ശേഷം, ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ അതിൻകീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിലെയോ ലൈസൻസിന്റെ ഏതെങ്കിലും നിബന്ധനകളിലെയോ വ്യവസ്ഥകൾക്ക് ലംഘനം ഉണ്ടായിട്ടുണ്ടോയെന്ന് തീരുമാനിക്കേണ്ടതും, ന്യായനിർണ്ണയ ആഫീസർ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന അങ്ങനെയുള്ള ഏതൊരാളും,-

(എ) അങ്ങനെയുള്ള ഏതെങ്കിലും മത്സ്യവിത്തിന്റെ മൂല്യം ആയിരം രൂപയോ അതിൽ കുറവോ ആണെങ്കിൽ, അയ്യായിരം രൂപയിൽ കവിയാത്തതും;

(ബി) അങ്ങനെയുള്ള ഏതെങ്കിലും മത്സ്യവിത്തിന്റെ മൂല്യം ആയിരം രൂപയിൽ കൂടുതലാണെങ്കിൽ, മത്സ്യവിത്തിന്റെ മൂല്യത്തിന്റെ അഞ്ചിരട്ടിയിൽ കവിയാത്തതും;

(സി) രണ്ടാമത്തെ കുറ്റത്തിന്റെയോ അങ്ങനെയുള്ള ആൾ ഈ വകുപ്പുപ്രകാരം ഒരു കുറ്റത്തിന് മുമ്പ് പിഴ ചുമത്തപ്പെട്ടിട്ടുള്ളതോ ആയ സംഗതിയിൽ, പതിനായിരം രൂപയിൽ കുറയാത്തതും എന്നാൽ ഇരുപ്പത്തയ്യായിരം രൂപ വരെയാകാവുന്നതും ആയ ഒരു പിഴ ചുമത്തിയും;

ഉള്ളതായ അങ്ങനെയുള്ള ശിക്ഷയ്ക്ക് അർഹനായിരിക്കുന്നതും;

(ഡി) രണ്ടാമത്തെ കുറ്റകൃത്യത്തിനു ശേഷം പിന്നീ ട്ടും കുറ്റകൃത്യം ചെയ്യുന്ന സംഗതിയിൽ അത് ഒരു ഹാച്ചറിയോ മത്സ്യവിത്ത് ഫാമോ ഏജൻസിയോ അസോസിയേഷനോ ഫേമോ, കമ്പനിയോ ആകുന്നപക്ഷം, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആ ഹാച്ചറിയെയോ മത്സ്യവിത്ത് ഫാമിനെയോ എജൻസിയെയോ അസോസിയേഷനെയോ ഫേമിനെയോ കമ്പനിയെയോ കരിമ്പട്ടികയിൽ ഉൾപ്പെടുത്തേണ്ടതും;

ആണ്.

(2) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ ന്റെയോ ലൈസൻസി ന്റെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളിടത്ത്, (1)-ാം ഉപവകുപ്പു പ്രകാരം ചുമത്തപ്പെടുന്ന ഏതൊരു ശിക്ഷയ്ക്കും പുറമെ ന്യായനിർണ്ണയ ആഫീസർക്ക്, അതത് സംഗതിപോലെ, അത് റദ്ദാക്കുവാനോ പിൻവലിക്കുവാനോ, അദ്ദേഹം യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള കാലയളവിലേക്ക് സസ്പെന്റ് ചെയ്യുവാനോ നിർദ്ദേശിക്കാവുന്നതാണ്.

## <u>അദ്ധ്യായം VI</u>

## അപ്പീൽ

32. <u>അപ്പീൽ</u>.- (1) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന്റെ തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആ തീരുമാനം അയാളെ അറിയിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകവും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിയും സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(2) സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആ തീരുമാനം അയാളെ അറിയിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകവും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിയും, അപ്പലേറ്റ് അധികാരി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(3) ന്യായനിർണ്ണയ ആഫീസറുടെ ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആ ഉത്തരവു അയാളെ അറിയിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒ ടുക്കിയും, അപ്പലേറ്റ് അധികാരി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

എന്നാൽ, അപ്പീൽവാദിക്ക് യഥാസമയം അപ്പീൽ ഫയൽ ചെയ്യാൻ കഴിയാതിരുന്നത് മതിയായ കാരണത്താലാണെന്ന് അപ്പലേറ്റ് അധികാരിയെ ബോദ്ധ്യപ്പെടുത്തുന്നുവെങ്കിൽ, മേൽപ്പറഞ്ഞ മുപ്പതു ദിവസ കാലയളവ് അവസാനിച്ചതിനുശേഷവും അതിന് ഒരു അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(4) (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ പ്രകാരമുള്ള ഒരു അപ്പീൽ ലഭിച്ചതിൻമേൽ, പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം, അപ്പലേറ്റ് അധികാരി, കഴിയുന്നതും വേഗത്തിൽ ആ അപ്പീൽ തീർപ്പാക്കേണ്ടതാണ്.

(5) സംസ്ഥാന മത്സ്യവിത്തു കേന്ദ്രം, അതിനു സമർപ്പിച്ചിട്ടുള്ള അപ്പീലിൻമേൽ പാസ്സാക്കുന്ന ഓരോ ഉത്തരവും ഈ വകുപ്പ് പ്രകാരം അപ്പലേറ്റ് അധികാരിക്ക് സമർപ്പിച്ചിട്ടുള്ള അപ്പീലിൻമേൽ അത് പാസ്സാക്കുന്ന ഉത്തരവുകളും അന്തിമമായിരിക്കുന്നതാണ്.

33. <u>ന്യായനിർണ്ണയ ആഫീസർമാരുടേയും അപ്പീൽ അധികാരിയുടേയും അധികാരങ്ങൾ</u>.-(1) ന്യായനിർണ്ണയ ആഫീസർമാർക്കും അപ്പലേറ്റ് അധികാരികൾക്കും, ഈ ആക്റ്റ് പ്രകാരം ഒരു അന്വേഷണം നടത്തുമ്പോൾ, താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ

5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ, ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) സാക്ഷികളെ സമൺസയച്ചു വിളിക്കുന്നതിനും ഹാജരാകാൻ നിർബന്ധിക്കുന്നതിനും;

(ബി) ഏതെങ്കിലും പ്രമാണം കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിന്;

(ഡി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന്; കൂടാതെ

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനുകളെ അയയ്ക്കുന്നതിന്.

(2) ന്യായനിർണ്ണയ ആഫീസർമാരെയോ അപ്പലേറ്റ് അധികാരികളെയോ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിനെയോ ഈ ആക്റ്റ് പ്രകാരം അധികാരങ്ങൾ വിനിയോഗിക്കുമ്പോൾ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 345-ഉം 346-ഉം വകുപ്പുകളുടെ ആവശ്യത്തിലേക്കായി ഉള്ള ഒരു സിവിൽ കോടതി ആയി കരുതപ്പെടുന്നതാണ്.

34. <u>മത്സ്യവിത്ത് കണ്ടുകെട്ടൽ</u>.-ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ഉള്ള ഒരു കുറ്റത്തിന് ഒരാൾക്ക് പിഴ ചുമത്തപ്പെട്ടിട്ടുള്ളിടത്ത്, ഏത് മത്സ്യവിത്തുമായി ബന്ധപ്പെട്ടാണോ കുറ്റം ചെയ്യപ്പെട്ടത് അത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടാവുന്നതാണ്.

35. <u>കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ</u>.- (1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനിയോ ഏജൻസിയോ ഫേമോ അസോസിയേഷനോ ചെയ്തിരിക്കുന്നിടത്ത്, ആ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ് വഹിച്ചിരുന്നതും കമ്പനിയുടെയോ, ഏജൻസിയു ടെയോ, ഫേമി ന്റെയോ, അസോസിയേഷ ന്റെയോ കാര്യനിർവ്വഹണത്തിൽ ഉത്തരവാദിത്വമുണ്ടായിരുന്നതു മായ ഓരോ ആളും ആ കമ്പനിയോ, ഏജൻസിയോ, ഫേമോ, അസോസിയേഷനോ കൂടി കുറ്റക്കാരായി കരുതപ്പെടുന്നതും അതനുസരിച്ച് അവർക്കെതിരായുള്ള നടപടികൾക്ക് വിധേയരായിരിക്കുന്നതും ശിക്ഷിക്കപ്പെടുന്നതും ആണ്:

എന്നാൽ, ഈ ഉപവകുപ്പിലടങ്ങിയിട്ടുള്ള യാതൊന്നും കുറ്റം ചെയ്തത് തന്റെ അറിവോടുകൂടി അല്ലെന്നും അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം, അങ്ങനെയുള്ള ആളിനെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയമാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനിയോ, ഏജൻസിയോ, ഫേമോ, അസോസിയേഷനോ ചെയ്തിരിക്കുകയും ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെ യോ സമ്മതത്തോടുകൂടിയോ മൗനാനുവാദത്തോടുകൂടിയോ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ ഭാഗത്തുള്ള ഏതെങ്കിലും ഉപേക്ഷ മൂലമാണ് എന്നോ തെളിയിക്കപ്പെടുന്ന പക്ഷം അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും അതനുസരിച്ച് അവർക്കെതി രെയുള്ള നടപടികൾക്ക് വിധേയരായിരിക്കുന്നതും ശിക്ഷിക്കപ്പെടുന്നതും ആണ്.

<u>വിശദീകരണം</u>.- ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,-

ഒരു ഫേമിനെ സംബന്ധിച്ച് ''ഡയറക്ടർ'' എന്നാൽ ആ ഫേമിലെ ഒരു

പങ്കാളി എന്നർത്ഥമാകുന്നതും ഉൾപ്പെടുന്നതുമാകുന്നു.

36. <u>ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം</u>.- ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ യാതൊന്നിനും സർക്കാരിനോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

37. <u>ഉദ്യോഗസ്ഥർ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്</u>.- ഈ ആക്റ്റിന് കീഴിൽ പ്രവർത്തിക്കുന്ന ഏതൊരാളും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്)-യിലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടുന്നതാണ്.

38. <u>ചട്ടങ്ങൾ ഉണ്ടാ ക്കാനുള്ള അധികാരം</u>.- (1) സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യത്തോടെയോ മുൻകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:-

(എ) 5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് (viii)-ാം ഖണ്ഡപ്രകാരം സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ മെമ്പർ സെക്രട്ടറിയായി നിയമിക്കപ്പെടേണ്ട ആഫീസറുടെ യോഗ്യതകളും 5-ാം വകുപ്പിന്റെ (3)-ം ഉപവകുപ്പ് പ്രകാരം സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ സിറ്റിംഗ് ഫീസും യാത്രാബത്തയും;

(ബി) 6-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പു പ്രകാരം സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള രീതി;

(സി) 9-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് ന ൽകേണ്ടതായ സിറ്റിംഗ് ഫീസും യാത്രാബത്തയും;

(ഡി) 10-ാം വകുപ്പ് പ്രകാരം ഉപകേന്ദ്രങ്ങളിൽ നിയമിക്കുന്ന അംഗങ്ങളുടെ എണ്ണവും അവരുടെ യോഗ്യതകളും, ഔദ്യോഗിക കാലാവധിയും സിറ്റിംഗ് ഫീസും, യാത്രാബത്തയും സംബന്ധിച്ച വ്യവസ്ഥകൾ;

(ഇ) 15-ാം വകുപ്പ് പ്രകാരം മത്സ്യവിത്ത് ഫാമിന്റെയോ ഹാച്ചറിയുടെയോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷാഫാറവും അതിന്റെ സമർപ്പിക്കലും അതോടൊപ്പം നൽകേണ്ടതായ ഫീസും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മാതൃകയും രജിസ്റ്റർ ചെയ്യുന്നതിനുള്ള രീതിയും ഈടാക്കേണ്ടതായ രജിസ്ട്രേഷൻ ഫീസും;

(എഫ്) 16-ാം വകുപ്പ് പ്രകാരം ലൈസൻസിന് വേണ്ടി നൽകേണ്ടതായ അപേക്ഷാ ഫാറവും അപേക്ഷാ ഫാറത്തിന്റെ ഫീസും അപേക്ഷാ ഫാറത്തിന്റെ സമർപ്പിക്കലും നൽകേണ്ട ഫീസും ലൈസൻസിന്റെ ഫാറവും ഈടാക്കേണ്ട ലൈസൻസ് ഫീസും സൂക്ഷിച്ചു പോരേണ്ട രജിസ്റ്ററും;

(ജി) 17-ാം വകുപ്പ് പ്രകാരം രജിസ്ട്രേഷൻ പുതുക്കുന്നതിന് നൽകേണ്ട അപേക്ഷഫാറവും അതിന്റെ സമർപ്പിക്കലും, നൽകേണ്ടതായ ഫീസും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള ഫാറവും ഈടാക്കേണ്ട പുതുക്കിയ ഫീസും സൂക്ഷിച്ച് പോരേണ്ട രജിസ്റ്ററും മറ്റു കാര്യങ്ങളും;

(എച്ച്) 18-ാം വകുപ്പ് പ്രകാരം മത്സ്യവിത്ത് ഇൻസ്പെക്ടറുടെ യോഗ്യതകൾ;

(ഐ) 19-ാം വകുപ്പ് പ്രകാരം, മത്സ്യവിത്ത് ഇൻസ്പെക്ടർ തയ്യാറാക്കേണ്ട മെമ്മോറാണ്ടത്തിന്റെ ഫാറവും റിപ്പോർട്ട് തയ്യാറാക്കുന്ന രീതിയും;

(ജെ) 20-ാം വകുപ്പ് പ്രകാരം മത്സ്യവിത്ത് സൂക്ഷ്മ പരിശോധകരുടെ യോഗ്യതകൾ;

(കെ) 21-ാം വകുപ്പ് പ്രകാരം, സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷാഫാറവും നൽകേണ്ടതായ ഫീസും സർട്ടിഫിക്കറ്റിന്റെ ഫാറവും മറ്റ് കാര്യങ്ങളും;

(എൽ) 23-ാം വകുപ്പ് പ്രകാരം മത്സ്യവിത്ത് ഇൻസ്പെക്ടർ സാമ്പിളുകൾ എടുക്കേണ്ടതിന്റെയും അപ്രകാരമെടുത്ത സാമ്പിളുകൾ മത്സ്യവിത്ത് സൂക്ഷ്മ പരിശോധകനോ മത്സ്യവിത്ത് ലബോറട്ടറിയിലേക്കോ സൂക്ഷ്മ പരിശോധനയ്ക്കായി അയച്ചു കൊടുക്കേണ്ടതിന്റെയും രീതി;

(എം) മത്സ്യവിത്ത് സൂക്ഷ്മപരിശോധകന്റെയും പ്രാദേശിക മത്സ്യവിത്ത് ലാബോറട്ടറിയുടെയും റിപ്പോർട്ടുകളുടെ ഫാറവും 24-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ടിനായി സാമ്പിൾ അയച്ചുകൊടുക്കുന്നതി ന് ന്യായനിർണ്ണയ ആഫീസർക്ക് ഒരപേക്ഷ നൽകുമ്പോൾ ഒടുക്കേണ്ടതായ ഫീസും;

(എൻ) 30-ാം വകുപ്പ് പ്രകാരം ന്യായനിർണ്ണയ ആഫീസർ അന്വേഷണം നടത്തേണ്ട രീതി;

(ഒ) 31-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡപ്രകാരം, ഹാച്ചറിയെയോ മത്സ്യവിത്ത് ഫാമിനെയോ ഏജൻസിയെയോ അസ്സോസിയേഷനെയോ ഫേമിനെയോ കമ്പനിയെയോ കരിമ്പട്ടികയിൽപ്പെടുത്തേണ്ട രീതി;

(പി) 32-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്യുന്ന അപ്പീലുകൾക്കുള്ള ഫീസ്;

(ക്യൂ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സംസ്ഥാന നിയമസഭയുടെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന

സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

39. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുവാനുള്ള അധികാരം</u>.- (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നുവെങ്കിൽ, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ഉത്തരവ് മുഖേന, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ മൂന്നു വർഷം അവസാനിച്ചതിനുശേഷം യാതൊരു ഉത്തരവും ഈ വകുപ്പുപ്രകാരം ഉണ്ടാക്കപ്പെടാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും നിയമസഭ മുൻപാകെ വെയ്ക്കേണ്ടതാണ്.

40. <u>2010-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി</u>.-2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിലെ (2010-ലെ 15) 9 -ഉം, 10 -ഉം വകുപ്പുകൾ വിട്ടുകളയേണ്ടതാണ്.

41. <u>റദ്ദാക്കലും ഒഴിവാക്കലും</u>.- 2014-ലെ കേരള മത്സ്യവിത്ത് ഓർഡിനൻസ് (2014-ലെ 13) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.